കാഴ്ചപ്പാട്

പി.കെ മുഹമ്മദ് കുഞ്ഞി

# വിഭജനം-സത്യവും മിഥ്യയും

**(ഇന്ത്യാ വിഭജനത്തിലേക്ക് നയിച്ച രാഷ്ട്രീയ കാരണങ്ങൾ വിലയിരുത്തുകയാണ് ചരിത്രപണ്ഡിതൻ കൂടിയായ ലേഖകൻ)**

**ഇന്ത്യ**യുടെ വിഭജനം ഒഴിവാക്കാമായിരുന്ന ദുരന്തമായി ചിത്രീകരിച്ച മൗലാനാ അബുൽകലാം ആസാദ്, അദ്ദേഹത്തിന്റെ ആത്മകഥാംശം ഉൾക്കൊള്ളുന്ന *ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു*(India Wins Freedom) എന്ന കൃതിയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പ്രതിനായക സ്ഥാനത്ത് കാണിക്കാൻ പരോക്ഷമായെങ്കിലും പാടുപെട്ടിട്ടുണ്ട്. 1946 ജൂലൈ 10-ന് നെഹ്റു നടത്തിയ പത്രസമ്മേളനമാണ്, രാജ്യം വിഭജിക്കുകയല്ലാതെ മറ്റൊരു ഗതിയുമില്ലെന്ന നിലപാടെടുക്കാൻ കോൺഗ്രസ്സിനെയും മുസ്ലിംലീഗിനെയും നിർബന്ധിക്കുന്ന സ്ഥിതിവിശേഷത്തിനു തുടക്കം കുറിച്ചതെന്നാണ് അസാദിന്റെ ആരോപണം. ക്യാബിനറ്റ് മിഷൻ പദ്ധതിയെ പൂർണമായും അംഗീകരിക്കുന്നുണ്ടോ എന്ന പത്രപ്രതിനിധിയുടെ ചോദ്യത്തിന് മറുപടിയായി നെഹ്റു പറഞ്ഞത്, ഒരു കരാറിന്റെയും ചങ്ങലയില്ലാതെ ഏതു സാഹചര്യത്തെയും അപ്പപ്പോൾ നേരിടാവുന്ന തരത്തിൽ അത്രയും സ്വതന്ത്രമായാണു കോൺഗ്രസ് ഭരണഘടനാ നിർമാണ സമിതിയിൽ സംബന്ധിക്കുക എന്നാണ്. കോൺഗ്രസ് ഭരണഘടനാ നിർമാണ സമിതിയിൽ സംബന്ധിക്കാമെന്നേ ഏറ്റിട്ടുള്ളൂ. ക്യാബിനറ്റ്

**ചിലപ്പോൾ പരുഷമായി എതിർത്തും ചിലപ്പോൾ അനുഭാവ പൂർവം പരാമർശിച്ചും പാകിസ്താൻ ഉടലെടുക്കുന്നതിനോടു പ്രതികരിച്ച മഹാത്മജി സത്യത്തിൽ ഒരു ജാമ്യക്കാരനെന്ന നില യിൽ പരസ്പരം വാളോങ്ങി നിന്നിരുന്ന രണ്ടു സമുദായ ങ്ങൾക്കിടയിലേക്ക് അസ്വസ്ഥനും നിരായുധനും നിരാലംബ നുമായി ഇറങ്ങിച്ചെല്ലുകയാണുണ്ടായത്. 'ഇന്ത്യയെ വെട്ടിമുറി ക്കുംമുമ്പ് എന്നെ വെട്ടിമുറിക്കുക' എന്ന അദ്ദേഹത്തിന്റെ ആത്മാർഥമായ രോദനം ഗോഡ്സെയുടെ വെടിയുണ്ടകൾ ജീവൻ കവർന്നെടക്കുംവരെ നിരന്തരം ഉയർന്നുകൊണ്ടിരുന്നു.**

---

മിഷൻ പദ്ധതിയെ മാറ്റാനോ പരിഷ്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം ആർക്കും പണയപ്പെടുത്തിയിട്ടില്ല എന്നും നെഹ്റു വിശദീകരിച്ചു.

ക്യാബിനറ്റ് മിഷൻ പദ്ധതി സ്വീകരിക്കുകയും, 'പ്രത്യേക രാജ്യം' വേണമെന്ന അവകാശവാദം ഉപേക്ഷിക്കുകയും ചെയ്തതിന്റെ പേരിൽ സ്വന്തം അണികളിൽനിന്ന് വിമർശനം നേരിട്ടിരുന്ന മുഹമ്മദലി ജിന്നക്ക് രക്ഷപ്പെടാൻ ഒരവസരം സൃഷ്ടിച്ചു കൊടുക്കുകയാണ് ഫലത്തിൽ നഹ്റു ചെയ്തതെന്നാണ് ആസാദിന്റെ നിഗമനം. ഭൂരിപക്ഷത്തിന്റെ പിൻബലത്തോടെ ഭരണഘടനാ സമിതിയിൽ ക്യാബിനറ്റ് മിഷൻ പദ്ധതിതന്നെ പൊളിച്ചെഴുതുമോ എന്ന ഭയം മുസ്ലിംകൾക്കിടയിലും മുസ്ലിംലീഗിലും നിലനിന്നിരുന്നു. അതുകൊണ്ട് നെഹ്റുവിന്റെ പ്രസ്താവനയുടെ വെളിച്ചത്തിൽ ക്യാബിനറ്റ് മിഷൻ പദ്ധതിയോടുള്ള ലീഗിന്റെ നിലപാട് പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് മുഹമ്മദലി ജിന്ന സമർഥിക്കാൻ ശ്രമിച്ചു. 1947 ജൂലൈ 27-ന് ബോംബെയിൽ ചേർന്ന മുസ്ലിംലീഗ് പ്രവർത്തകസമിതി, വിഭജനം മാത്രമാണ് പോംവഴി എന്ന് പ്രഖ്യാപിച്ചുകൊണ്ട് ക്യാബിനറ്റ് മിഷൻ പദ്ധതി തള്ളിക്കളയുകയും ചെയ്തു.

1935-ലെ ഇന്ത്യാ ആക്ടനുസരിച്ച് 1937-ൽ നടന്ന നിയമസഭാ രൂപീകരണത്തെ സംബന്ധിച്ച് നെഹ്റു എടുത്ത കർശനമായ നിലപാടാണ് ലീഗിനെ കോൺഗ്രസ്സുമായി അകറ്റിയതെന്നുകൂടി സമർഥിക്കാൻ ആസാദ് ശ്രമിച്ചിട്ടുണ്ട്. ആ തെരഞ്ഞെടുപ്പിൽ യു.പിയിലും ബോംബെയിലുമൊഴിച്ച് എവിടെയും മുസ്ലിംലീഗ് പ്രതീക്ഷക്കൊത്തുയർന്നിരുന്നില്ല. ബംഗാളിൽ മുസ്ലിംലീഗ് അധികാരത്തിലെത്തുമെന്ന് അവിടത്തെ ഗവർണർപോലും പ്രതീക്ഷിച്ചതാണ്. പക്ഷേ കൃഷക് പ്രജാപാർട്ടി എല്ലാ കണക്കുകളും തെറ്റിച്ചു. ആ പാർട്ടിയുടെ നേതാവായ ഫസലുഹഖാണ് മന്ത്രിസഭ രൂപീകരിച്ചത്. പഞ്ചാബ്, സിന്ധ്, വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം എന്നിവിടങ്ങളിലും മുസ്ലിംലീഗിനു പിടിച്ചുനിൽക്കാൻ മാത്രമാണ് കഴിഞ്ഞത്. യു.പിയിൽ കോൺഗ്രസ്സും ലീഗും സഹകരിച്ചാണ് മത്സരിച്ചത്. ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ പിന്തുണയുമുണ്ടായിരുന്നു. ആ നിലയിൽ മന്ത്രിസഭയിൽ മുസ്ലിംലീഗ് പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുമെന്നു സമ്മതിദായകരും ജനങ്ങളും പ്രതീക്ഷിക്കുന്നത് സ്വാഭാവികമാണല്ലോ. പക്ഷേ, 1937 മാർച്ച് 10-ന് ജവഹർലാൽ നെഹ്റു യു.പിയിലെ നിർദിഷ്ട പ്രധാനമന്ത്രിയായിരുന്ന ഗോവിന്ദ വല്ലഭായ് പന്ദിനയച്ച കത്തിൽ ലീഗുമായി മുന്നണിയുണ്ടാക്കുന്നതിന് മൗലാനാ ആസാദ് എതിരാണെന്നു വ്യക്തമാക്കിയിരുന്നു. ലീഗിന്റെ പ്രതിനിധികളായി മന്ത്രിസഭയിലേക്ക് നിർദേശിക്കപ്പെട്ടിരു

ന്നത് ചൗധരി ഖലീഖുസ്സമാനെയും നവാബ് ഇസ്മാഈൽ ഖാനെയുമാണ്. അവരിൽ ഒരാളെ മാത്രമേ മന്ത്രിയാക്കാനാവൂ എന്ന് നിർദേശിക്കുകയും ചെയ്തു. ഈ വാഗ്ദത്ത ലംഘനമാണ് മുസ്‌ലിം ലീഗിനെ കോൺഗ്രസ്സുമായി ഒരിക്കലും അടുക്കാനാവാത്ത സ്ഥിതിയിലേക്ക് എത്തിച്ചതെന്നാണ് ആസാദിന്റെ ന്യായം.

യു.പിയിൽ മന്ത്രിസഭാ പ്രശ്നം കൈകാര്യം ചെയ്യാൻ മൗലാനാ ആസാദിനെത്തന്നെയാണ് കോൺഗ്രസ് ഹൈക്കമാന്റ് ചുമതലപ്പെടുത്തിയിരുന്നതെന്ന് ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. അദ്ദേഹം മുസ്‌ലിംലീഗ് അംഗങ്ങളോട് ഒപ്പുവെക്കാൻ ആവശ്യപ്പെട്ട കരാർ അവരുടെ കക്ഷിയുടെ നിലനിൽപുപോലും അപകടപ്പെടുത്തുന്നതായിരുന്നു. (A tale of the Subcontinent-കുൽദീപ് നയാർ) യു.പിയിലെ നിയമസഭയിൽ മുസ്‌ലിം ലീഗ് പ്രത്യേക ഗ്രൂപ്പായി പ്രവർത്തിക്കരുത്, ലീഗംഗങ്ങൾ കോൺഗ്രസ്സിൽ ചേരണം, കോൺഗ്രസ്സിലെ അംഗങ്ങളുടേതു പോലുള്ള അവകാശം അവർക്കും ലഭിക്കും, എല്ലാകാര്യങ്ങളും തീരുമാനിക്കുന്നത് ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും, യു.പിയിലെ മുസ്‌ലിംലീഗ് പാർലമെന്ററി ബോർഡ് പിരിച്ചുവിടണം, നിയമസഭയിൽനിന്നോ മന്ത്രിസഭയിൽനിന്നോ രാജിവെക്കാൻ കോൺഗ്രസ്സംഗങ്ങൾ തീരുമാനിച്ചാൽ ആ തീരുമാനം ലീഗംഗങ്ങൾക്കും ബാധകമായിരിക്കും, ഇനി വരുന്ന തെരഞ്ഞെടുപ്പുകളിൽ ലീഗ് ടിക്കറ്റിൽ മത്സരിക്കരുത് തുടങ്ങിയ നിബന്ധനകളാണ് ആസാദിന്റെ കരാറിൽ ഉണ്ടായിരുന്നത്. ആ കരാറിൽ ഒപ്പുവെക്കാൻ ലീഗ് നേതാക്കളായ ഖലീഖുസ്സമാനും നവാബ് ഇസ്മാഈൽഖാനും തയാറായെന്നും അവരിൽ ഒരാളെ മാത്രമേ മന്ത്രിസഭയിൽ എടുക്കാൻ കഴിയൂ എന്നും ഉള്ള ജവഹർലാലിന്റെ പിടിവാശിയാണ് മുസ്‌ലിംലീഗിനെ മുന്നണിയിൽ നിന്നകറ്റിയതെന്നുമാണ് മൗലാനാ ആസാദ് വിശദീകരിക്കുന്നത്. മന്ത്രിസഭാ രൂപീകരണത്തെ സംബന്ധിച്ചുള്ള കൂടിയാലോചനക്കിടയിൽ തനിക്ക് പാറ്റ്നയിലേക്ക് പോകേണ്ടിവന്നു എന്നും തിരിച്ചെത്തുമ്പോഴേക്കും ജവഹർലാലിന്റെ കടുംപിടുത്തംമൂലം കൂട്ടുമന്ത്രിസഭ എന്ന ആശയമേ ഉപേക്ഷിക്കേണ്ടിവന്നു എന്നുകൂടി ആസാദ് രേഖപ്പെടുത്തിയിട്ടുണ്ട്.

മൗലാനാ ആസാദ് പറയുന്ന രീതിയിലുള്ള ഒരു കരാറിനെപ്പറ്റി തങ്ങൾക്കൊരറിവുമില്ലെന്നും അത്തരം ഒരു കരാറിൽ ഒപ്പുവെക്കാമെന്ന് ഒരിക്കലും വാക്കുകൊടുത്തിട്ടില്ലെന്നും ചൗധരി ഖലീഖുസ്സമാനും നവാബു ഇസ്മാഈൽഖാനും അസന്ദിഗ്ധമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. തങ്ങളിൽ ഒരാളെ മാത്രമേ മന്ത്രിയാക്കാനാവൂ എന്ന് ജവഹർലാൽ നെഹ്റു ഒരിക്കലും അറിയിച്ചിട്ടില്ല. കോൺഗ്രസ്സുമായി ആസാദിന്റെ നിബന്ധനകൾക്കനുസരിച്ച് സഹകരിക്കാമെന്നു ഖലീഖുസ്സമാനും നവാബ് ഇസ്മാഈൽഖാനും സമ്മതിച്ചു എന്ന ആസാദിന്റെ പ്രസ്താവനയെ 1959 മാർച്ച് 27ന് ലോക്സഭയിൽ നടത്തിയ പ്രസ്താവനയിൽ പണ്ഡിറ്റ് നെഹ്റുവും നിഷേധിക്കുകയുണ്ടായി.


1937 മാർച്ച് 10-ന് പണ്ഡിറ്റ് നെഹ്റു യു.പിയിലെ നിർദിഷ്ട പ്രധാനമന്ത്രിയായിരുന്ന ഗോവിന്ദവല്ലഭ പന്ദിനയച്ച കത്തിൽ മുസ്‌ലിം ലീഗുമായി കൂട്ടുമന്ത്രിസഭ ഉണ്ടാക്കുന്നതിന് മൗലാനാ ആസാദ് തീർത്തും എതിരാണെന്നാണറിയിച്ചിരുന്നത്. നവാബ് ഇസ്മാഈൽഖാനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തരുതെന്ന നിർബന്ധവും ആസാദിനാണുണ്ടായിരുന്നത്. ലീഗിന്റെ പ്രതിനിധികൾ ആരായിരിക്കണമെന്ന് ലീഗുതന്നെ തീരുമാനിക്കുമെന്നു വ്യക്തമായപ്പോൾ ഹാഫിസ് മുഹമ്മദ് ഇബ്റാഹീമിനെ മന്ത്രിസഭയിലുൾപ്പെടുത്തണമെന്ന ബദൽ നിർദേശം ആസാദ് ഉന്നയിച്ചു. ഹാഫിസ് മുഹമ്മദ് ഇബ്റാഹീമിനെ ലീഗിൽ നിന്നടർത്തിയെടുത്ത് മന്ത്രിയാക്കുന്നതിൽ ആസാദ് വിജയിക്കുകയും ചെയ്തു. ലീഗ് അംഗത്വവും നിയമസാമാജികന്റെ സ്ഥാനവും രാജി



● *നെഹ്റു*



● *ജിന്ന*



● *ആസാദ്*

**അബുൽകലാം ആസാദ് ആത്മപ്രശംസയുടെ രക്തസാക്ഷിയാണെന്നും, വിഗ്രഹാരാധന അനുവദിക്കപ്പെട്ടിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രണമിക്കുമായിരുന്നു എന്നും മുഷ്താഖ് അഹമ്മദ് യൂസഫ് ഒരു കവിതയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇത്തരം വിലയിരുത്തലുകളുടെ വെളിച്ചത്തിൽ തന്നേക്കാൾ ആദരവ് മറ്റാർക്കും ലഭിക്കുന്നത് നെഹ്റുവിനു സഹിക്കാൻ കഴിയില്ലെന്ന ആസാദിന്റെ പരിഹാസത്തെ ആർക്കും ഒരിക്കലും മുഖവിലക്കെടുക്കാനാവില്ല.**

---

വെച്ച ഹാഫിസ് ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചശേഷമാണ് മന്ത്രിയായത്.

യു.പിയിൽ മാത്രമല്ല മറ്റു സംസ്ഥാനങ്ങളിലും മന്ത്രിസഭാ രൂപീകരണത്തിൽ കോൺഗ്രസ്സും ലീഗും ധാരണയിലെത്തുന്നതിനെതിരായി പല തന്ത്രങ്ങളും ആസാദ് പയറ്റിയിട്ടുണ്ട്. മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ ലീഗ് ഒരിക്കലും അധികാരത്തിൽ വരരുതെന്ന് ആസാദിന് നിർബന്ധമുണ്ടായിരുന്നു. ആസാദിന്റെ ലീഗ്‌വിരോധം ഏതാണ്ടൊരുന്മാദാവസ്ഥയിൽ അദ്ദേഹത്തെ എത്തിച്ചിട്ടുണ്ടെന്ന് നെഹ്റു തന്നെ അക്കാലത്ത് അപലപിക്കുകയുണ്ടായി!

സിംലാ കോൺഫറൻസ് പരാജയപ്പെട്ടതിന് ഉത്തരവാദി ആസാദ് മാത്രമാണെന്ന ആരോപണത്തെപ്പറ്റി *ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു* എന്ന പുസ്തകത്തിൽ തന്നെയുള്ള വിശദീകരണം ശ്രദ്ധിച്ചാൽ ലീഗുമായി കോൺഗ്രസ് ധാരണയിലെത്തുന്നതിനെതിരായി ആസാദ് പല കരുക്കളും നീക്കിയിട്ടുണ്ടെന്നു വ്യക്തമാകും. "ഡോ. സയ്യിദ് മുഹമ്മദ് നീതീകരിക്കാനാവാത്ത പല ആരോപണങ്ങളും എന്റെ പേരിൽ ഉന്നയിച്ചിട്ടുണ്ട്. കോൺഗ്രസ് പ്രവർത്തക സമിതി ലീഗിന്റെ ആവശ്യം അംഗീകരിക്കാതിരുന്നത് എന്റെ നിർബന്ധം മൂലം മാത്രമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇത് തികച്ചും തെറ്റാണ്." ഇത്തരം ഒരു പ്രസ്താവന ഡോ. മുഹമ്മദ് ഇറക്കിയതിൽ ഖേദമുണ്ടെന്നും വളരെ വിഷമിച്ചാണ് ഡോ. മുഹമ്മദിനെ കോൺഗ്രസ് പ്രവർത്തകസമിതിയിൽ ഉൾപ്പെടുത്തിയത് എന്നും ആസാദ് വെളിപ്പെടുത്തിയിട്ടുണ്ട്. മന്ത്രിസഭ രൂപീ

കരിക്കുമ്പോൾ മുസ്‌ലിം ലീഗിനോട് വളരെ ഉദാരമായ നയം കൈക്കൊള്ളണമെന്ന് തനിക്ക് ആഗ്രഹമുണ്ടായിരുന്നെന്നാണ് ആസാദ് അവകാശപ്പെടുന്നത്. "എവിടെ മുസ്‌ലിം ലീഗംഗങ്ങൾ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ അവിടെയൊക്കെ അവരെ ക്ഷണിച്ചുവരുത്തി കോൺഗ്രസ്സുമായി സഹകരിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിലും, കോൺഗ്രസ്സിനു ഒറ്റകക്ഷി എന്ന നിലയിൽതന്നെ ഭൂരിപക്ഷം അവകാശപ്പെടാവുന്ന സംസ്ഥാനങ്ങളിലും ഞാനിതു ചെയ്തിട്ടുണ്ട്. പക്ഷേ എന്റെ ക്ഷണം സ്വീകരിക്കാൻ അവരെ അനുവദിച്ചില്ല" എന്നാണ് ആസാദിന്റെ ആക്ഷേപം(*ഇന്ത്യാ വിൻസ് ഫ്രീഡം* പേജ് 136).

അതേ സമയംതന്നെ പഞ്ചാബിൽ മുസ്‌ലിംലീഗിനോട് ഗവർണർക്ക് വ്യക്തിപരമായി ചായ്‌വുണ്ടായിരുന്നെങ്കിലും യൂനിയനിസ്റ്റ് നേതാവായിരുന്ന ഖിസർഹയാത്ത്ഖാനെ മന്ത്രിസഭാരൂപീകരണത്തിനു ക്ഷണിക്കുകയല്ലാതെ മറ്റു മാർഗമില്ലാത്ത നിലയിലേക്കെത്തിക്കുന്നതിൽ മൗലാനാ ആസാദിനു പങ്കുണ്ടെന്നു അനുമാനിക്കാനാണു ന്യായം കാണുന്നത്. യു.പി കോൺഗ്രസ് പാർട്ടിയുടെ മുഖപത്രമെന്നു പറയാവുന്ന *നാഷണൽ ഹെറാൾഡ്* പോലും പഞ്ചാബ് മന്ത്രിസഭാരൂപീകരണത്തിൽ താൻ പ്രകടമാക്കിയ രാജ്യതന്ത്രജ്ഞതയെ ശ്ലാഘിക്കുകയുണ്ടായി എന്നുകൂടി ആസാദ് രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചാബിലെ മന്ത്രിസഭാ രൂപീകരണത്തിലേക്ക് നയിച്ച കൂടിയാലോചനകളിൽ താൻ പ്രദർശിപ്പിച്ച വൈദഗ്ധ്യത്തെ രാഷ്ട്രീയ വൃത്തങ്ങൾ പ്രകീർത്തിച്ചിട്ടുണ്ടെന്നും ആസാദ് അഭിമാനിച്ചിരുന്നു (*ഇന്ത്യാ വിൻസ് ഫ്രീഡം* പേജ് 137). അബുൽകലാം ആസാദ് ആത്മപ്രശംസയുടെ രക്തസാക്ഷിയാണെന്നും, വിഗ്രഹാരാധന അനുവദിക്കപ്പെട്ടിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രണമിക്കുമായിരുന്നു എന്നും മുഷ്താഖ് അഹമ്മദ് യൂസഫ് ഒരു കവിതയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇത്തരം വിലയിരുത്തലുകളുടെ വെളിച്ചത്തിൽ തന്നേക്കാൾ ആദരവ് മറ്റാർക്കും ലഭിക്കുന്നത് നെഹ്റുവിനു സഹിക്കാൻ കഴിയില്ലെന്ന ആസാദിന്റെ പരിഹാസത്തെ ആർക്കും ഒരിക്കലും മുഖവിലക്കെടുക്കാനാവില്ല.

തത്ത്വശാസ്ത്രപരമായ പരിഗണനമൂലമാണു പഞ്ചാബിൽ യൂനിയനിസ്റ്റ് പാർട്ടിയുമായി കോൺഗ്രസ് സഹകരിച്ചത് ശരിയായില്ലെന്ന അഭിപ്രായം പണ്ഡിറ്റ് നെഹ്റു ഉന്നയിച്ചതെന്നാണു ആസാദിന്റെ ആക്ഷേപം. മുസ്‌ലിംലീഗ് ഒരു ബഹുജനസംഘടനയാണ്. ആ നിലയിൽ കോൺഗ്രസ്സും ലീഗുമായാണു കൂട്ടുചേരേണ്ടിയിരുന്നത്. യൂനിയനിസ്റ്റ് പാർട്ടിയുമായി സഹകരിച്ചത് തെറ്റായിപ്പോയി എന്ന കമ്യൂണിസ്റ്റുകാരുടെ വിമർശനത്തിൽ നെഹ്റു പങ്കു പറ്റുകയാണുണ്ടായത് (*ഇന്ത്യാ വിൻസ് ഫ്രീഡം* പേജ് 131). പഞ്ചാബിൽ കോൺഗ്രസ്സിന്റെ അന്തസ്സ് കളഞ്ഞുകുളിക്കുകയാണുണ്ടായതെന്നായിരുന്നു നെഹ്റുവിന്റെ അഭിപ്രായം. 'ഭൂരിപക്ഷമില്ലാത്ത യൂനിയനിസ്റ്റു പാർട്ടിയുമായി' സഹകരിച്ചത് തീർത്തും തെറ്റായിപ്പോയി എന്നും അദ്ദേഹം വിലയിരുത്തി. കോൺഗ്രസ്സിൽ ഒന്നിച്ചു പ്രവർത്തിച്ചു തുടങ്ങിയ ശേഷമാണ് തന്റെ എല്ലാ അഭിപ്രായങ്ങളെയും ജവഹർലാൽ എതിർത്തത് എന്ന് ആസാദ് വെളിപ്പെടുത്തിയിട്ടുണ്ട്.


മുസ്‌ലിംലീഗിനോടുമാത്രം കീഴടങ്ങാൻ ആവശ്യപ്പെടുകയും കോൺഗ്രസ്സിനു ഭൂരിപക്ഷമില്ലാത്ത സംസ്ഥാനങ്ങളിൽ മുസ്‌ലിംലീഗിനെ ഒറ്റപ്പെടുത്തുന്നതിനു വേണ്ടി തത്ത്വദീക്ഷ ഇല്ലാത്ത കൂട്ടുകെട്ടിലേർപ്പെടാൻ മടിക്കാതിരിക്കുകയും ചെയ്ത ആസാദിന്റെ നയം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ആശങ്ക ഇരട്ടിപ്പിക്കാനാണുപകരിച്ചത്. "മതനിരപേക്ഷത വിജയിക്കുന്നുണ്ടോ എന്നറിയാൻ ഭൂരിപക്ഷം എന്തുചെയ്യുന്നു എന്നല്ല



● *ഇഖ്ബാൽ*



● *വല്ലഭായ് പട്ടേൽ*



● *വി.പി മേനോൻ*

**ഭൂമിശാസ്ത്രപരമായ ഐക്യത്തിന്റെ പേരിൽ സമുദായ മൈത്രിയും ന്യൂനപക്ഷത്തിന്റെ നിലനിൽപും അവഗണിക്കരുതെന്ന് മാത്രമാണ് ജിന്ന ആവശ്യപ്പെട്ടത്. പാകിസ്താൻ വാദത്തെ വിലപേശാനുള്ള ഒരായുധം മാത്രമായാണ് ജിന്ന പരിഗണിച്ചിരുന്നതെന്ന് ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന മെറലിന്റെ അഭിപ്രായവും ശ്രദ്ധേയമാണ്. പ്രശ്ന പരിഹാരത്തിന് പരിഗണിക്കാവുന്ന പല പദ്ധതി,കളും അക്കാലത്ത് സമർപ്പിക്കപ്പെട്ടിരുന്നു. വി.പി മേനോൻ തുടങ്ങിയ ഉദ്യോഗസ്ഥമേധാവികളുടെ പദ്ധതി ഇന്ത്യ രണ്ടു രാഷ്ട്രങ്ങളായി പിരിയണമെന്നു നിർദേശിക്കുന്നതായിരുന്നു.**

ന്യൂനപക്ഷത്തിനു എന്തു തോന്നുന്നു എന്നാണ് നിരീക്ഷിച്ചറിയേണ്ട"തെന്ന് പ്രഖ്യാപിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സമുദായ മൈത്രിക്കുവേണ്ടിയുള്ള ആത്മാർഥമായ യത്നങ്ങൾക്കത് വിഘാതമായിത്തീർന്നു (*നെഹ്റു ആന്റ് ഇന്ത്യാസ് ക്വസ്റ്റ് ഫോർ ഐഡന്റിറ്റി*).

"ഇന്ത്യക്ക് സ്വയംഭരണം ലഭ്യമാക്കുകയാണ് കോൺഗ്രസ്സിന്റെയും മുസ്‌ലിം ലീഗിന്റെയും ലക്ഷ്യം. ഈ അവകാശവാദത്തിനു നാം അംഗീകാരം നൽകേണ്ടതുണ്ട്........ ഹിന്ദുവും മുസ്‌ലിമും ഐക്യത്തിലടിയുറച്ചിരിക്കുന്നു. മുന്നൂറുദശലക്ഷം ജനത്തിന്റെ ശബ്ദം ഇന്ത്യയുടെ നാനാഭാഗത്തും പ്രകമ്പനം കൊള്ളുന്നു. ഈ ശക്തിയെ ചെറുക്കാൻ ഭൂമിയിൽ ആർക്കും ആവില്ല" എന്ന് ലഖ്നോവിലെ സമ്മേളനത്തിൽ (1917) കോൺഗ്രസ്-ലീഗ് സഖ്യത്തിന്റെ സൂത്രധാരനെന്ന നിലയിൽ ജയഭേരിയടിച്ച മുഹമ്മദലി ജിന്ന വിഭജനത്തിന്റെ വക്താവായി മാറിയത് ഈ പശ്ചാത്തലത്തിലാണ്. "ഈ രാജ്യത്ത് ഒരു ഹിന്ദുഭരണം വരുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? ചരിത്രമറിയുന്നവരും ബുദ്ധിയുള്ളവരുമായ ഹിന്ദു രാഷ്ട്രീയനേതാക്കൾ സ്വയംഭരണം കിട്ടിയാൽ ബാലറ്റുപെട്ടിയിലൂടെ ഇവിടെ അവരുടെ നിയമം അടിച്ചേൽപിക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? പിന്നെ എന്താണ് പേടിക്കാനുള്ളത്? എന്റെ മുസ്‌ലിം സഹോദരന്മാരേ നിങ്ങൾ കേൾക്കുന്നത് കുപ്രചാരമാണ്." സ്വയംഭരണം സ്ഥാപിക്കാൻവേണ്ടി ഹിന്ദുക്കളോട് സഹകരിക്കുന്നത് തടയാനുള്ള ഉപജാപം മാത്രമാണതെന്നുകൂടി

അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

മൗലാനാ ആസാദ് വിശകലനം ചെയ്യുന്നതുപോലെ, മുസ്‌ലിം ലീഗ് ഒരു ബഹുജന പ്രസ്ഥാനമാകുന്നതിനുള്ള ഉയിർത്തെഴുന്നേൽപ് ആരംഭിച്ചത് യു.പിയിൽനിന്നാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ ഒന്നിച്ചു മത്സരിച്ച കോൺഗ്രസ്സും ലീഗും ഒന്നിച്ചു ഭരിക്കുമെന്ന വാഗ്ദാനം ലംഘിക്കപ്പെട്ടതിൽനിന്നുളവായ സാഹചര്യത്തിന്റെ ആനുകൂല്യം ജിന്ന ശരിക്കും വിനിയോഗിച്ച് ഒരു കടന്നാക്രമണം ആരംഭിക്കുകയും അതു പാകിസ്താനിൽ അവസാനിക്കുകയുമാണുണ്ടായത് (*ഇന്ത്യ വിൻസ് ഫ്രീഡം* പേജ് 171).

മുഹമ്മദലി ജിന്ന ആദ്യഘട്ടത്തിൽ വിഭജനമെന്ന പദം തന്നെ അംഗീകരിച്ചിരുന്നില്ലെന്നിവിടെ അനുസ്മരിക്കേണ്ടതുണ്ട്. 1930-ൽ ലീഗിന്റെ ലാഹോർ സമ്മേളനത്തിൽ ഇന്ത്യയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തായി ഒരു മുസ്‌ലിം സ്റ്റേറ്റ് രൂപീകരിക്കണമെന്ന ആശയം അവതരിപ്പിച്ചത് മഹാകവി ഇഖ്ബാലാണ്. ബ്രിട്ടീഷിന്ത്യയുടെ നിയന്ത്രണത്തിലുള്ള മുസ്‌ലിം പ്രവിശ്യകളുടെ ഫെഡറേഷൻ മാത്രമാണ് താൻ വിഭാവനം ചെയ്യുന്നതെന്ന് പിന്നീട് പലപ്പോഴും മഹാകവി വിശദീകരിച്ചിട്ടുണ്ട്. ആ നിർദേശത്തെപ്പോലും, ഒരു കവിയുടെ സങ്കൽപമായാണ് ജിന്ന പരിഹസിച്ചിരുന്നത്. 1924-ൽ അലിഗഢിൽ ചെയ്ത പ്രസംഗത്തിൽ ഹിന്ദുമുസ്‌ലിം പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നില്ലെങ്കിൽ രാജ്യം ഹിന്ദു ഇന്ത്യയും മുസ്‌ലിം ഇന്ത്യയുമായി വിഭജിക്കേണ്ടിവരുമെന്ന ആശങ്ക മൗലാനാ മുഹമ്മദലിയാണ് പ്രകടിപ്പിച്ചത്. അരവിന്ദഘോഷ്, റായ്ബഹദൂർലാൽചന്ദ് തുടങ്ങിയ ചില ഹിന്ദുനേതാക്കൾ ഹിന്ദുമുസ്‌ലിം സംയുക്ത ദേശീയതയിൽ വിശ്വാസമില്ലെന്ന് 1909-ൽ തന്നെ പ്രഖ്യാപിച്ചിരുന്നു. 1925-ൽ ലാലാഹർദയാൽ പ്രസിദ്ധീകരിച്ച 'മേരേ വിചാർ' എന്ന ലഘുലേഖയിൽ ഓരോ രാഷ്ട്രവും പരമമായി അവിടത്തെ ആചാരങ്ങളെയും ദേശീയ ഭാഷയെയും ദേശീയ ചരിത്രത്തെയും ആശ്രയിച്ചാകണമെന്നു തുറന്നെഴുതുകയുണ്ടായി. "സ്വരാജ് നേടിയെടുക്കാൻ നമുക്ക് മുസ്‌ലിംകളുടെ സഹായം വേണ്ട. ഒരു സംയുക്ത(ഹിന്ദു-മുസ്‌ലിം) ഭരണം നാം ആഗ്രഹിക്കുന്നുമില്ല" - അദ്ദേഹം വ്യക്തമാക്കി. 1937-ൽ നടന്ന ഹിന്ദു മഹാസഭാസമ്മേളനത്തിൽ വി.ഡി സവർക്കർ, ഇന്ത്യ ഐകരൂപ്യമുള്ള രാജ്യമാണെന്നു പറയാൻ വയ്യെന്നാണ് പ്രഖ്യാപിച്ചത്. മറിച്ച്, ഇന്ത്യയിൽ രണ്ടു രാഷ്ട്രങ്ങളുണ്ട് - ഹിന്ദുക്കളും മുസ്‌ലിംകളും. പരസ്പരം ശത്രുതയുള്ള ഈ രാഷ്ട്രങ്ങൾ ഇന്ത്യയിൽ അടുത്തടുത്ത് താമസിക്കുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം.

പഞ്ചാബ്, വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യ, സിന്ധ്, ബലൂചിസ്താൻ എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്തിനകത്ത് സ്വയംഭരണാവകാശത്തോടുകൂടിയ ഒരു സ്റ്റേറ്റായിത്തീരണമെന്നാണ് യഥാർഥത്തിൽ മഹാകവി ഇഖ്ബാൽ നിർദേശിച്ചിരുന്നത്. മുസ്‌ലിംകൾ ഒരു പ്രത്യേകരാഷ്ട്രം സ്ഥാപിച്ച് ഇന്ത്യയിൽനിന്ന് വേറിട്ടുനിൽക്കണമെന്ന ആശയവുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്നു ഇഖ്ബാൽ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. പാകിസ്താന്റെ നിരർഥകതയും ആപത്തും ഇഖ്ബാലിനു ബോധ്യപ്പെട്ടിരുന്നു എന്നും പാകിസ്താൻ ഇന്ത്യക്ക് മൊത്തത്തിലും മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും ആപത്തായിത്തീരുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു എന്നും ജവഹർലാൽ നെഹ്റു രേഖപ്പെടുത്തിയിട്ടുണ്ട് (*ഇന്ത്യയെ കണ്ടെത്തൽ* പേജ് 355). വടക്കുപടിഞ്ഞാറൻ മുസ്‌ലിം സംസ്ഥാനമെന്ന ആശയവുമായി ഇന്ത്യയെ അടുപ്പിക്കാൻ ഇഖ്ബാൽ കത്തുകളിലൂടെ നിരന്തരം പരിശ്രമിച്ചിരുന്നു. പക്ഷേ, വിഭജനം ഏതു രൂപത്തിൽ ആവശ്യപ്പെട്ടാലും അത് ഒത്തുതീർപ്പിനുള്ള 'എല്ലാ മാർഗങ്ങൾക്കും പ്രതിബന്ധമായിത്തീരുമെന്ന' ഉറച്ച നിലപാടാണ് ജിന്ന എടുത്തത്. 1940



● മൗണ്ട് ബാറ്റൻ



● സവർക്കർ

**1930-ൽ ലീഗിന്റെ ലാഹോർ സമ്മേളനത്തിൽ ഇന്ത്യയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തായി ഒരു മുസ്‌ലിം സ്റ്റേറ്റ് രൂപീകരിക്കണമെന്ന ആശയം അവതരിപ്പിച്ചത് മഹാകവി ഇഖ്ബാലാണ്. ബ്രിട്ടീഷിന്ത്യയുടെ നിയന്ത്രണത്തിലുള്ള മുസ്‌ലിം പ്രവിശ്യകളുടെ ഫെഡറേഷൻ മാത്രമാണ് താൻ വിഭാവനം ചെയ്യുന്നതെന്ന് പിന്നീട് പലപ്പോഴും മഹാകവി വിശദീകരിച്ചിട്ടുണ്ട്. ആ നിർദേശത്തെപ്പോലും, ഒരു കവിയുടെ സങ്കൽപമായാണ് ജിന്ന പരിഹസിച്ചിരുന്നത്.**

---

വരെ മുസ്‌ലിംലീഗ് കേന്ദ്രസമിതി വിഭജനമെന്ന ആശയത്തെപ്പറ്റി ചിന്തിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായിട്ടില്ല. 1930-ൽ ഇഖ്ബാൽ ചെയ്ത പ്രസംഗത്തിനുശേഷം 1938വരെ ലീഗിന്റെ ഏതെങ്കിലും ഉത്തരവാദപ്പെട്ട കമ്മിറ്റിയോ നേതാവോ മുസ്‌ലിം സ്റ്റേറ്റ് എന്ന ആശയത്തെ ഒരിടത്തും അവതരിപ്പിച്ചിട്ടില്ല. സിന്ധ് പ്രവിശ്യാ മുസ്‌ലിം ലീഗ് 1938-ൽ മാത്രമാണ് ആദ്യമായി മുസ്‌ലിം സ്റ്റേറ്റ് ആവശ്യപ്പെടുന്ന പ്രമേയം അംഗീകരിച്ചത്. മുസ്‌ലിംലീഗിന്റെ 1940ലെ വിഖ്യാതമായ ലാഹോർ പ്രമേയത്തിലാണു ബ്രിട്ടീഷിന്ത്യയെ ഹിന്ദു-മുസ്‌ലിം സ്റ്റേറ്റുകളായി വിഭജിക്കണമെന്ന ആവശ്യം ഉന്നയിച്ചത്. പക്ഷേ ആ പ്രമേയവും പരമാധികാരമുള്ള രണ്ടു രാഷ്ട്രങ്ങളായി ഇന്ത്യ പങ്കുവെക്കപ്പെടുന്ന സ്ഥിതി വിഭാവനം ചെയ്തിരുന്നില്ലെന്നതാണു സത്യം. "അടിസ്ഥാന തത്ത്വങ്ങളെ ആസ്പദമാക്കി വേണമെങ്കിൽ രാജ്യരക്ഷ, വിദേശകാര്യം, വാർത്താവിനിമയം, കസ്റ്റംസ് തുടങ്ങിയ മേഖലകളിലെ അധികാരങ്ങൾ അതത് പ്രദേശങ്ങളുടെ അന്തിമമായ അംഗീകാരത്തിനു വിധേയമായി ഒരു ഭരണഘടനാ പദ്ധതി രൂപപ്പെടുത്താൻ വർക്കിംഗ് കമ്മിറ്റിയെ അധികാരപ്പെടുത്തുക" മാത്രമാണ് 1940 മാർച്ച് 23-ന് നടന്ന സമ്മേളനം പാസ്സാക്കിയ പ്രമേയം പോലും ചെയ്തത്. 'ആവശ്യമാണെങ്കിൽ' എന്ന പദം അർഥഗർഭമാണല്ലോ. രണ്ടു സ്വതന്ത്രരാജ്യങ്ങളായി പിരിഞ്ഞുപോകുന്ന സ്ഥിതിവിശേഷം അതിലും വിഭാവനം ചെയ്യാനായിട്ടില്ലെന്നാണത് പരോക്ഷമായെങ്കിലും സൂചിപ്പിക്കുന്നത്. ലാഹോർ പ്രമേയത്തിലോ അവിടെ ജിന്ന ചെയ്ത പ്രസംഗത്തിലോ

പാകിസ്താൻ എന്ന പദം ഇല്ലെന്നകാര്യം ശ്രദ്ധേയമാണ്. ഭൂമിശാസ്ത്രപരമായ ഐക്യത്തിന്റെ പേരിൽ സമുദായ മൈത്രിയും ന്യൂനപക്ഷത്തിന്റെ നിലനിൽപും അവഗണിക്കരുതെന്ന് മാത്രമാണ് ജിന്ന ആവശ്യപ്പെട്ടത്. പാകിസ്താൻ വാദത്തെ വിലപേശാനുള്ള ഒരായുധം മാത്രമായാണ് ജിന്ന പരിഗണിച്ചിരുന്നതെന്ന് ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന മെറലിന്റെ അഭിപ്രായവും ശ്രദ്ധേയമാണ് (Foreign Relations of America -Merrel). പ്രശ്നപരിഹാരത്തിന് പരിഗണിക്കാവുന്ന പല പദ്ധതികളും അക്കാലത്ത് സമർപ്പിക്കപ്പെട്ടിരുന്നു. വി.പി മേനോൻ തുടങ്ങിയ ഉദ്യോഗസ്ഥമേധാവികളുടെ പദ്ധതി ഇന്ത്യ രണ്ടു രാഷ്ട്രങ്ങളായി പിരിയണമെന്നു നിർദേശിക്കുന്നതായിരുന്നു. സവർണർക്കും മുസ്‌ലിംകൾക്കും തുല്യപ്രാതിനിധ്യത്തോടെ, മറ്റു ന്യൂനപക്ഷങ്ങൾക്കു കൂടി പങ്കുള്ള ദുർബലമായ കേന്ദ്രഭരണം വിഭാവനം ചെയ്യുന്ന മൗലാനാ ആസാദിന്റെ പദ്ധതി വൈസ്രോയി വേവൽ പ്രഭുവിന്റെ പദ്ധതിയോട് അടുപ്പമുള്ളതായിരുന്നു. രാജ്യം വിഭജിക്കാതെ ഭരണത്തിന്റെ കടിഞ്ഞാൺ ജിന്നയെ ഏൽപിക്കണമെന്ന് നിർദേശിക്കുന്ന ഗാന്ധിജിയുടെ പദ്ധതി മൗണ്ട് ബാറ്റിന്റെ സെക്രട്ടറി ഇസമേപ്രഭു കണ്ട ഉടനെത്തന്നെ പരിഗണനാർഹമല്ലെന്ന് പറഞ്ഞു തള്ളിക്കളഞ്ഞു. അതു പുറത്ത് കാണിക്കാനുള്ള ധൈര്യം മൗണ്ട് ബാറ്റനുമുണ്ടായിരുന്നില്ല. ഇന്ത്യയെ പലതായി ഭാഗിക്കണമെന്ന മൗണ്ട് ബാറ്റന്റെ നിർദേശം 1947 മെയ് 2-നാണ് പുറത്തുവന്നത്. നാട്ടുരാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്ന ആ പദ്ധതിയെ നെഹ്റുവിന്റെ ജീവചരിത്രകാരൻ അക്ബർ 'ബാൾക്കൻ പദ്ധതി' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മെയ് 10-ന് രാത്രിഭക്ഷണം കഴിഞ്ഞ് വിശ്രമിക്കുമ്പോഴാണ് മൗണ്ട് ബാറ്റൻ പദ്ധതി എഡ്വിനാ മൗണ്ട്ബാറ്റൻ നെഹ്റുവിനെ കാണിച്ചത്. കിടപ്പറയിൽവെച്ച് അത് വായിച്ചതോടെ നെഹ്റു അസ്വസ്ഥനായി. ഇന്ത്യയെ പലതായി വിഭജിക്കുന്നതിനേക്കാൾ ചെറിയ വിപത്താണു രണ്ടായി വിഭജിക്കുന്നതെന്ന നിഗമനത്തിലാണ് പണ്ഡിറ്റ്ജി മനമില്ലാമനസ്സോടെ എത്തിച്ചേർന്നത്.

കോൺഗ്രസ്സിനും മുസ്‌ലിംലീഗിനും പങ്കുണ്ടായിരുന്ന വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ ആ രണ്ടു കക്ഷികളും തമ്മിലുള്ള പോരാട്ടം മൂലം ഒരു സ്തംഭനാവസ്ഥയിലെത്തിയിരുന്നു. ധനകാര്യവകുപ്പ് ലീഗിന്റെ കൈപ്പിടിയിലായിരുന്നു. ഭരണത്തിന്റെ താക്കോലാണ് അതുവഴി അവർക്ക് കിട്ടിയത്. ആഭ്യന്തരവകുപ്പ് വിട്ടുകൊടുത്തുകൂടാ എന്ന പട്ടേലിന്റെ ശാഠ്യം മൂലമാണ് ധനകാര്യം ലീഗിനെ ഏൽപിച്ചത്. ആ വകുപ്പിൽ പ്രശസ്തരായ പല ഉയർന്ന ഉദ്യോഗസ്ഥന്മാരും മുസ്‌ലിംകളായിരുന്നു. അവരുടെ സഹായത്തോടെ എക്സിക്യൂട്ടീവ് കൗൺസിലിൽ കോൺഗ്രസ് മുന്നോട്ടുവെക്കുന്ന ഏതു നിർദേശവും തള്ളുകയോ താമസിപ്പിക്കുകയോ ചെയ്യാൻ ലിയാഖത്ത് അലിഖാൻ ആവുന്നത്ര യത്നിച്ചു. ലിയാഖത്ത് അലിഖാന്റെ സമ്മതമില്ലാതെ ഒരു ചപ്രാസിയുടെ തസ്തികപോലും സൃഷ്ടിക്കാനാവില്ലെന്നു പട്ടേലിന് ബോധ്യമാവുകയും ചെയ്തിരുന്നു. ഈ തിക്ത യാഥാർഥ്യമാവണം വിഭജനത്തെ അംഗീകരിക്കാൻ സർദാർ വല്ലഭായി പട്ടേലിനെ പ്രേരിപ്പിച്ചത്. സർദാറും നെഹ്റുവും വിഭജനത്തെ അനുകൂലിച്ചതുകൊണ്ട് തന്റെ ആശാകേന്ദ്രം മഹാത്മജി മാത്രമായെന്നു മൗലാനാ ആസാദ് രേഖപ്പെടുത്തിയിട്ടുണ്ട്. കോൺഗ്രസ് വിഭജനത്തെ അംഗീകരിക്കുകയാണെങ്കിൽ എന്റെ ശവശരീരത്തെ മറികടന്നു മാത്രമേ അതു പ്രായോഗികമാവൂ എന്ന ഉറച്ച നിലപാടിലായിരുന്നു മഹാത്മജി. താൻ ജീവിച്ചിരിക്കുന്നേടത്തോളം വിഭജിക്കാൻ അനുവദിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. ജിന്നയോട് ഗവൺമെന്റ് രൂപീകരിക്കാനും മന്ത്രിമാരെ തെരഞ്ഞെടുക്കാനും ആവ

ശ്യപ്പെടണമെന്നായിരുന്നു ഗാന്ധിയുടെ നിർദേശം. കോൺഗ്രസ് ഗാന്ധിജിയുടെ നിർദേശം അംഗീകരിക്കുകയാണെങ്കിൽ മാത്രമേ വിഭജനമൊഴിവാക്കാൻ കഴിയുകയുള്ളൂ എന്ന് മൗണ്ട് ബാറ്റൻ പ്രഭു കക്ഷി നേതാക്കളെയെല്ലാം അറിയിച്ചിരുന്നു. നിർഭാഗ്യത്തിന് ഗാന്ധിജിയുടെ നിർദേശം അംഗീകരിക്കാൻ കോൺഗ്രസ് നേതാക്കൾ തയാറല്ലായിരുന്നു. സർദാർ പട്ടേലും ജവഹർലാൽ നെഹ്റുവും ജിന്നയെ പ്രധാനമന്ത്രിയാക്കുക എന്ന 'ഭ്രാന്തൻ നിർദേശം' പിൻവലിക്കാൻ ഗാന്ധിജിയുടെ മേൽ സമ്മർദം ചെലുത്തി. അതോടെ മുസ്‌ലിം ഇന്ത്യാ വിഭജനത്തിനു സമ്മർദം ചെലുത്തുകയാണെങ്കിൽ ഒരു അഹിംസാവാദി എന്ന നിലക്ക് തനിക്കതിനെ എതിർക്കാൻ വയ്യെന്ന നിലപാടിലേക്ക് ഗാന്ധിജി ബോധപൂർവം ഒതുങ്ങുകയാണുണ്ടായത്. "പാകിസ്താന്റെ കാര്യത്തിൽ എനിക്ക് മാനസിക പ്രശ്നങ്ങളൊന്നുമില്ല. എന്തു സംഭവിച്ചാലും പാകിസ്താൻ ഹിന്ദുസ്ഥാനു പുറത്തല്ല. ........അധികാരം മുസ്‌ലിംകൾക്ക് കൈമാറി എന്നുവെച്ച് എനിക്ക് യാതൊരു വ്യസനവുമില്ല" എന്ന് സ്വയം ആശ്വസിക്കാനും മഹാത്മജി ശ്രമിച്ചു. ചിലപ്പോൾ പരുഷമായി എതിർത്തും ചിലപ്പോൾ അനുഭാവപൂർവം പരാമർശിച്ചും പാകിസ്താൻ ഉടലെടുക്കുന്നതിനോടു പ്രതികരിച്ച മഹാത്മജി സത്യത്തിൽ ഒരു ജാമ്യക്കാരനെന്ന നിലയിൽ പരസ്പരം വാളോങ്ങി നിന്നിരുന്ന രണ്ടു സമുദായങ്ങൾക്കിടയിലേക്ക് അസ്വസ്ഥനും നിരായുധനും നിരാലംബനുമായി ഇറങ്ങിച്ചെല്ലുകയാണുണ്ടായത്. 'ഇന്ത്യയെ വെട്ടിമുറിക്കും മുമ്പ് എന്നെ വെട്ടിമുറിക്കുക' എന്ന അദ്ദേഹത്തിന്റെ ആത്മാർഥമായ രോദനം ഗോഡ്സെയുടെ വെടിയുണ്ടകൾ ജീവൻ കവർന്നെടക്കുംവരെ നിരന്തരം ഉയർന്നുകൊണ്ടിരുന്നു. ■